2/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2.561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ CP.No.389(5)/20/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 6725/SIC-G7/2020**

തീയതി : 30.12.2022

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ വിഷ്ണു നമ്പൂതിരി,<br>അമ്പാടി ഹൗസ്, കാരത്തൂർ പി.ഒ,<br>കോഴിക്കോട് – 673571. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>സബ് ട്രഷറി, മിനി സിവിൽ സ്റ്റേഷൻ,<br>മുക്കം – 673 602. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 05.05.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.05.2020 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.06.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.07.2020 |
| ഹിയറിംഗ് തീയതി | 28.04.2022 |
| എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, മലബാർ ദേവസ്വം ബോർഡ് ഡി ഗ്രേഡ് ക്ഷേത്രമായ തവനൂർ ശ്രീ.നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ പേരിൽ മുക്കം സബ്ട്രഷറിയിൽ അക്കൗണ്ട് ഉണ്ടോ എന്നതുമായി ബന്ധപ്പെട്ട 4 ഇനവിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചത്.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കിയില്ലെന്നും തെറ്റായ മറുപടിയാണ്

ലഭ്യമാക്കിയതെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. പരാതി ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കിയെന്നും രണ്ടാമത്തെ ചോദ്യത്തിനാധാരമായ അക്കൗണ്ട് ടി ട്രഷറിയിൽ നിലവിൽ ഇല്ലാത്തതിനാൽ മറുപടി നൽകുവാൻ സാധിക്കില്ലെന്ന മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൻ അപേക്ഷയോടൊപ്പം മതിയായ സ്റ്റാമ്പൊട്ടിച്ച ഒരു കവറും, അക്നോളഡ്ജ്മെന്റ് കാർഡും അടക്കം ചെയ്തിരുന്നുവെന്നും സർക്കാർ നിയമപ്രകാരം ഓഫീസിൽ നിന്നും അയക്കുന്ന തപാലുകൾക്കുള്ള സ്റ്റാമ്പിന്റെ ചെലവ് അതാത് ഓഫീസിൽ നിന്നും തന്നെയാണ് വഹിച്ചുവരുന്നതെന്നും ആയതിനാലാണ് അപേക്ഷകൻ സമർപ്പിച്ച സ്റ്റാമ്പ് കവർ തിരികെ നൽകിയതെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. പരാതി ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ പ്രതിപാദിച്ചിരുന്നത് ദേവസ്വം ബോർഡ് ക്ഷേത്രത്തിന്റെ പേരിൽ അക്കൗണ്ട് ഉണ്ടോ എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത വിവരം ഓഫീസിൽ ലഭ്യമല്ലെന്ന മറുപടിയാണ് എതിർകക്ഷി ലഭ്യമാക്കിയിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഒരു പൊതു അധികാര സ്ഥാനമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സബ് ട്രഷറിയിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം പ്രസ്തുത അപേക്ഷ കൈപ്പറ്റി 5 ദിവസത്തിനകം മലബാർ ദേവസ്വം ബോർഡിലേയ്ക്ക് കൈമാറാമായിരുന്നു. പ്രസ്തുത അപേക്ഷ കൈമാറാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് എതിർകക്ഷിയ്ക്ക് കർശന നിർദ്ദേശം നൽകുന്നു. അതോടൊപ്പം ഹർജിക്കാരൻ 05.05.2020 ന് സമർപ്പിച്ച വിവരാവകാശ

നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം മലബാർ ദേവസ്വം ബോർഡിൽ നിന്നും ശേഖരിച്ച് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ലഭ്യമാക്കേണ്ടതും പ്രസതുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

5. പരാതി ഹർജിക്കാരൻ സംശയം തീർക്കാനുള്ള വേദിയായിട്ടാണ് ഹിയറിംഗിനെ കണ്ടിരിക്കുന്നത്. പ്രസ്തുത കേസ് സമർപ്പിച്ചിരിക്കുന്നത് തന്നെ സംശയം തീർക്കാൻ വേണ്ടിയിട്ടാണ്. സംശയദൂരീകരണം കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയമല്ല. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തപക്ഷം അപ്പീൽ സമർപ്പിക്കുന്നതിനായി അപ്പീൽ അധികാരിയുടെ വിശദവിവരം ലഭ്യമാക്കിയിട്ടും അപ്പീൽ സമർപ്പിക്കാതെ കമ്മീഷനിൽ നേരിട്ട് പരാതി സമർപ്പിച്ച ഹർജിക്കാരന്റെ നടപടി കമ്മീഷന് അംഗീകരിക്കുവാൻ കഴിയില്ല. മേൽവസ്തുതകൾ പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**
JN